**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2769** **13-10-2021 - ൽ മറുപടിയ്ക്ക്**

**മങ്കട നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങളിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മങ്കട മണ്ഡലത്തിലെ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നടന്നു വരുന്ന വിവിധ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | മങ്കട മണ്ഡലത്തിൽ, മലബാർ ദേവസ്വം ബോർഡിന് കീഴിൽ 15 ക്ഷേതങ്ങളാണുള്ളത്. ഇവയിൽ അങ്ങാടിപ്പുറം ശ്രീ തിരുമാന്ധാംകുന്ന് ദേവസ്വത്തിലാണ് പ്രധാനമായും നവീകരണ പ്രവർത്തികൾ നടന്നുവരുന്നത്. ഊട്ടുപുര നിർമ്മാണം, ആഡിറ്റോറിയം നവീകരണം, ശ്രീകോവിൽ പുനരുദ്ധാരണം, മലിനജല സംസ്കരണ പ്ലാന്റ് നവീകരണം എന്നീ വികസന പ്രവർത്തനങ്ങൾ പ്രസ്തുത ക്ഷേതത്തിൽ നടന്നു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നവീകരണം ആവശ്യമുള്ള ക്ഷേത്രങ്ങളും ക്ഷേത്രക്കുളങ്ങളും ഏതൊക്കെയാണ്; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | മങ്കട മണ്ഡലത്തിൽ, ശ്രീ തിരുമാന്ധാംകുന്ന് ദേവസ്വം, ശ്രീ മാണിക്യപുരം വിഷ്ണുക്ഷേത്രം, ശ്രീ മേതൃക്കോവിൽ ആന്റ് കീഴ് തൃക്കോവിൽ ദേവസ്വം. ശ്രീ ശിവമംഗലം ദേവസ്വം, ശ്രീ പനങ്ങാങ്ങര ക്ഷേത്രം, ശ്രീ രാമപുരം ദേവസ്വം, ശ്രീ വെള്ളിയമ്പ്രം ശിവക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളിലാണ് നവീകരണ പ്രവർത്തികൾ ആവശ്യമുള്ളത്. ക്ഷേതങ്ങളുടെ സംരക്ഷണത്തിനും നവീകരണത്തിനും സംസ്ഥാന സർക്കാരിൽ നിന്നും അനുവദിക്കുന്ന ഗ്രാന്റ് ഉപയോഗപ്പെടുത്തി ജീർണ്ണോദ്ധാരണ ഗ്രാന്റ്, ബോർഡിൽ നിന്നും അനുവദിക്കുന്നുണ്ട്. ഇതിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോച്ച് സരക്കാരിന്റെ അംഗീകാരത്തോടെ ഇത്തരം ക്ഷേത്രങ്ങൾക്ക് ബോർഡിൽ നിന്ന് ജീർണ്ണോദ്ധാരണത്തിനായി ഫണ്ട് അനുവദിക്കുന്നു. കുളം - കാവ് - ആൽത്തറ സംരക്ഷിക്കുന്നതിനായി അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന സർക്കാരിന്റെ കുളം-കാവ്-ആൽത്തറ സംരക്ഷണത്തിന് ധന സഹായം അനുവദിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നത് പരിഗണിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ക്ഷേത്രത്തിലെ ചാവേർത്തറ സംരക്ഷിയ്ക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത ക്ഷേത്രത്തിന്റെ സമഗ്ര വികസനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | അങ്ങാടിപ്പുറം ശ്രീ തിരുമാന്ധാംകുന്ന് ക്ഷേതത്തിലെ ചാവേർത്തറ സംരക്ഷണത്തിനായി, പിൽഗ്രിം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി, ടൂറിസം വകുപ്പ് മുഖേന 1.5 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുള്ളതായും പ്രവൃത്തി നടന്നുവരുന്നതായും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ശ്രീ തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രത്തിൽ, ഊട്ടുപുര നിർമ്മാണം ഓഡിറ്റോറിയം നവീകരണം, ശ്രീകോവിൽ പുനരുദ്ധാരണം, മലിനജല സംസ്കരണ പ്ലാന്റ് നവികരണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ദേവസ്വം ഫണ്ട് ഉപയോഗിച്ച് നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ